(ഡി) അതുമൂലം ഗവണ്മെൻറിന് എന്തു നഷ്ടം ഉണ്ടായിട്ടുണ്ട്;

(ഇ) പ്രസ്തുത കെട്ടിടത്തിനു വേണ്ടി എന്തെല്ലാം സജ്ജീകരണങ്ങളും ഇനിയും പൂർത്തിയാകാനുണ്ട്;

(എഫ്) ആവശ്യ ജോലികളും ചെയ്തുതീർക്കുവാൻ നേരിട്ടുന്ന അമിതമായ കാലതാമസത്തിനു കാരണം എന്തു;

(ജി) പ്രസ്തുത കെട്ടിടം തുറന്നുകൊടുത്തതിനുശേഷം ഇതേവരെ ആവശ്യയിൽ എത്ര രൂപ വരവുണ്ട്;

(എച്ച്) പ്രസ്തുത കെട്ടിടത്തിലേക്ക് വൈദ്യുതി ദീർഘിപ്പിക്കുവാനുള്ള നടപടി ഉടനടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉദ്ദേശം 2 കൊല്ലത്തോളമായി.

(ബി) 16-12-1954 മുതൽ.

(സി) രോഗികളെ കിടത്തിച്ചികിത്സിക്കുന്നതിനുവേണ്ട സൗകര്യമില്ലാത്തതുകൊണ്ട് പ്രസ്തുത വാർഡ് പൊതുജനങ്ങൾ ഉപയോഗിക്കുവാനായി അനുവദിച്ചില്ല.

(ഡി) പ്രസ്തുത വാർഡ് രോഗികൾക്ക് ഉപയോഗയോഗ്യമാകാതിരുന്നിടത്തോളം കാലം ഗവണ്മെൻറിന് നഷ്ടം സംഭവിച്ചു എന്നു പറയുന്നതു ശരിയല്ല.

(ഇ) കക്കൂസും, വൈദ്യുതീകരണവും പൂർത്തിയാകാനുണ്ട്.

(എഫ്) ഈ ജോലികൾ എത്രയും വേഗത്തിൽ ചെയ്തുതീർക്കുവാൻ വേണ്ട നടപടികൾ എടുത്തിട്ടുണ്ട്.

(ജി) 145 രൂപ.

(എച്ച്) സ്വീകരിക്കാം.

മുനിസിപ്പൽ അതിർത്തിയിൽപ്പെട്ട റോഡുകൾ.

178. [3] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഈ സ്റ്റേറിലുള്ള എത്ര മുനിസിപ്പാലിറ്റികളിൽനിന്നു മുനിസിപ്പൽ അതിർത്തിയിൽപ്പെട്ട റോഡുകൾ ടാർ ചെയ്തു കൊടുക്കുന്നതിനു സഹായം ആവശ്യപ്പെട്ടിട്ടുണ്ട്;

(ബി) ഇരിഞ്ഞാലക്കുട മുനിസിപ്പാലിറ്റിയിൽനിന്നും സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു;

(സി) അതിൽ എന്തു നടപടിയാണു ഗവണ്മെൻറ് എടുത്തിട്ടുള്ളതു;

(ഡി) ഇത്രയും കാലതാമസം നേരിടുന്നതിനു വല്ല പ്രത്യേക കാരണങ്ങളും ഉണ്ടോ;

(ഇ) അടുത്ത സാമ്പത്തികവർഷത്തിലെങ്കിലും പണി ആരംഭിക്കുന്നതിനും കഴിയുന്നതും വേഗത്തിൽ പൂർത്തിയാക്കുന്നതിനും വേണ്ട നടപടികൾ എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

(എ) മിക്കവാറും എല്ലാ മുനിസിപ്പാലിറ്റികളിൽനിന്നും സഹായം ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. 3-6-53-ൽ

(സി) ചെലവിന്റെ 50 ശതമാനം മുനിസിപ്പാലിറ്റിയിൽനിന്നും കൊടുക്കണമെന്നുള്ള വ്യവസ്ഥയിന്മേൽ ടി മുനിസിപ്പൽ അതിർത്തിയിൽപ്പെട്ട തൃശ്ശൂർ കൊടുങ്ങല്ലൂർ റോഡും റയിൽവേ സ്റ്റേഷൻ റോഡും ടാർ ചെയ്യുവാൻ അനുവാദം കൊടുത്തിട്ടുണ്ട്.

(ഡി) എസ്റ്റിമേറനുവാദം കൊടുത്തതു് 27-12-54-ൽ ആണ്. എസ്റ്റിമേറിന്റെ പകുതി തുക മുനിസിപ്പാലിറ്റി കെട്ടാതിരുന്നതുകൊണ്ടാണ് ജോലി ആരംഭിക്കാതിരുന്നതു്.

(ഇ) പണി ഉടനെ ആരംഭിക്കുവാൻ ഉത്തരവയച്ചിട്ടുണ്ട്.

ആശുപത്രികൾ.

179. [4] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1947 ആഗസ്റ്റ് 15-നുശേഷം ഇതുവരെ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു എത്ര ആശുപത്രികൾ പുതുതായി ഗവണ്മെൻറിൽ നിന്നും സ്ഥാപിച്ചിട്ടുണ്ടു്;

(ബി) എത്ര സാധാരണ ആശുപത്രികൾ ഡിസ്പെൻസറി ആശുപത്രികളായി ഉയർത്തിയിട്ടുണ്ടു്;

(സി) ഈ കാലയളവിൽ ആകെ എത്ര ഡാക്ടർമാരെ ഗവണ്മെൻറിൽ നിന്നും നിയമിച്ചിട്ടുണ്ടു്;

(ഡി) എത്ര ഡാക്ടർമാർ പെൻഷൻപറ്റി പിരിഞ്ഞിട്ടുണ്ടു്;

(ഇ) 1947-ൽ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് ഗവണ്മെൻറ് ആശുപത്രികളിലുണ്ടായിരുന്ന ആകെ ഡാക്ടർമാരുടെ എണ്ണം എത്ര?

ഉത്തരം.

(എ) ആശുപത്രികൾ 4

ഡിസ്പെൻസറികൾ 44

(ബി) ഒരു ആശുപത്രിയും ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തിയിട്ടില്ല. എന്നാൽ ഭരണപരമായ സൗകര്യങ്ങൾക്കായി പേരുക്കട ആശുപത്രിയെ ഡിസ്പെൻസറി ആശുപത്രിയായി മാറ്റി.

(സി) 135

(ഡി) 76

(ഇ) 1947-ൽ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനം നിലവിലുണ്ടായിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly